# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3994 — 21.10.2016-ലെ മറുപടിയ്ക്ക്

### നിയമാനുസരണമല്ലാതെ പ്രവർത്തിക്കുന്ന കെട്ടിടം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അനൂപ് ജേക്കബ്: | ഡോ. കെ. റ്റി. ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിൽ ചെറായി പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ നിയമാനുസരണമല്ലാതെ പണിതിട്ടുള്ള ഒരു കെട്ടിടം പൊളിക്കുന്നതിനു വേണ്ടി 'ടി' പഞ്ചായത്തിൽ നിന്നും B 11092/15 KPBR 2011 CRZ എന്ന നമ്പറിൽ ഉത്തരവ് ഇറക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ കെട്ടിടം പൊളിച്ചു മാറ്റിയിട്ടുണ്ടോ; ഇല്ലെങ്കിൽ പൊളിച്ചു മാറ്റാത്തതിന്റെ കാരണം വിശദമാക്കുമോ; | (ബി) ഇല്ല. ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണലിന്റെ 26.07.2016 ലെ ഉത്തരവ് നമ്പർ 1038/2015 പ്രകാരം ബി 11092/2015 നമ്പർ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ വിഷയത്തിൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. അത് ലഭ്യമാക്കിയ ശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) ആലപ്പുഴ ജില്ലയിൽ അരൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മലബാർ പാലസ് എന്ന ഹോട്ടലിന്റെ പ്രവർത്തനം നിർത്തിവയ്ക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) ഉണ്ട്. |
| (ഡി) ഉണ്ടെങ്കിൽ ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) ഇപ്പോൾ പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ